# തനതു പ്രവർത്തനങ്ങൾ

# &

# അക്കാദമിക മാസ്റ്റർപ്ലാൻ

സെന്റ് മേരീസ് യു.പി.സ്കൂൾ 2025-26
മീനടം നോർത്ത്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

## ആമുഖം

2025-26 അദ്ധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്. ഭാഷാവികസനം, വൈജ്ഞാനികമേഖല, സർഗാത്മകമേഖല, കായികമേഖല എന്നിവയിൽ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് സ്കൂളിലെ മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

പിന്നോക്കം നിൽക്കുന്ന കുട്ടികളെയും മുന്നോട്ട് കൊണ്ടുവരാനും അവർക്ക് വേണ്ട ശേഷി വികസനപ്രവർത്തനങ്ങൾ നൽകി ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യമിടുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ U.P

## സ്കൂൾ തലം ക്ലാസ്സ്: V - VII

## മലയാളം

ലക്ഷ്യങ്ങൾ

1. വായിച്ച് ആശയം ഗ്രഹിക്കൽ, ആസ്വദിക്കൽ
2. ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ.
3. രചനകളുടെ അർത്ഥതലങ്ങൾ വ്യാഖ്യാനിക്കൽ
4. വ്യക്തിഗത രചനകളുടെ വിലയിരുത്തൽ.
5. വ്യത്യസ്ത വായനാസാമഗ്രികൾ വിശകലനം ചെയ്യുക.
6. പദാവലി വികസിപ്പിക്കൽ
7. സർഗാത്മക രചന.
8. വിവരശേഖരണം സ്വതന്ത്ര രചനകളിൽ ഏർപ്പെടൽ.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| 1. പാഠഭാഗങ്ങൾ വായിച്ച് ആശയഗ്രഹിക്കുന്നു. പദങ്ങളുടെ അർത്ഥം, സമാനപദങ്ങൾ എന്നിവ കണ്ടെത്തി തയ്യാറാക്കുന്നു | ജൂൺ. |
| 2. കത്ത്, ഡയറി, കഥപൂർത്തിയാക്കൽ കവിത തുടങ്ങിയ വ്യവഹാര രൂപങ്ങളിലൂടെ ആശയപ്രകടനം നടത്തുന്നു. | ജൂലൈ |
| 3. കുറിപ്പുകൾ, കഥവികസിപ്പിക്കൽ കഥാപാത്ര നിരൂപണം. | ഓഗസ്റ്റ് |
| 4. കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കൽ ആശയഗ്രഹണ ചോദ്യങ്ങൾ തയ്യാറാക്കൽ. | സെപ്റ്റംബർ |
| 5. വിവരശേഖരണം, ശീർഷകം കുറിപ്പു തയ്യാറാക്കൽ | ഒക്ടോബർ |
| 6. പഴഞ്ചൊല്ലുകൾ, ശൈലികൾ താരതമ്യക്കുറിപ്പ്, വിവരശേഖരണം. | നവംബർ |
| 7. വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ ആശയഗ്രഹണം സാധ്യമാക്കുക. | ഡിസംബർ |
| 8. ആസ്വാദനക്കുറിപ്പ്, പതിപ്പ് അഭിമുഖ ചോദ്യാവലി. | ജനുവരി. |
| 9. വിവിധ രചനകളുടെ വിശകലനം സമാന കവിതകൾ കണ്ടെത്തൽ കത്ത്; വിശകലനക്കുറിപ്പ് | ഫെബ്രുവരി. |
| 10. കവിതകൾ ചൊല്ലി അവതരിപ്പിക്കൽ, താളഭംഗി, പ്രയോഗഭംഗി എന്നിവ കണ്ടെത്തൽ. | മാർച്ച് |

# Academic Master Plan English 2025 - 2026 UP

## Aim

To speak, read, write and listen English with out any mistake.
To follow the instructions given by the teacher responds in English during interaction
Identifies main ideas as well as supporting ideas.

## Time

June - March

## Pretest

Activities based on Reading cards to identify the difficulties in Reading, writing, speaking.

## Activities.

## June - July

Language Games
Breaking News - Gives opportunities to listen English news
self introduction.
conversations, Letter, Skit, Diary.

## August - September

News Rep[redacted]
[redacted]ding
Book review
Skit
Diary.

## October - November

Description - Picture, favourite, places etc.
Speech - Based on special day.
Thought - Based on events, daily [redacted] etc.
News reading.

## [redacted] - January

Daily Diary
Skit
Project based on [redacted]
Announcement
Magazine
Reader of the week.

## February - March

Thought, News reading, conducting English ba[redacted] school/ne assembly, [redacted] interaction, on English own [redacted] words, creates an English atmosphere for chil[redacted]

# അക്കാദമിക മാസ്റ്റർപ്ലാൻ

## യു.പി സോഷ്യൽ സയൻസ് (സ്കൂൾ തലം)

### ലക്ഷ്യങ്ങൾ

വിവിധ ഭരണരൂപങ്ങളേയും, സ്ഥാനങ്ങളേയും വിശകലനം ചെയ്യാനും, അവയെ മനുഷ്യപുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതെങ്ങനെയെന്ന് തിരിച്ചറിഞ്ഞ് ആവശ്യമായ ഇടപെടലുകൾ നടത്താനും, രാഷ്ട്രതന്ത്രപഠനം കുട്ടിയെ പ്രാപ്തനാക്കുന്നു.

വ്യത്യസ്ത കാഴ്ചപ്പാടുകളെ തെളിവുകളുടെ പിൻബലത്തോടെ വിലയിരുത്തി സ്വന്തം കാഴ്ചപ്പാടുകളെ രൂപീകരിക്കുന്നതിനുള്ള അവസരം സാമൂഹ്യശാസ്ത്രപഠനത്തിലൂടെ കുട്ടിയ്ക്ക് ലഭിക്കുന്നു.

വർത്തമാനകാല സാഹചര്യങ്ങളെ തെളിവുകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിച്ച് നാളെയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് സാമൂഹിക ശാസ്ത്രപഠനം സഹായിക്കുന്നു.

സാമൂഹിക വികാസത്തിന്റെ വിവിധഘട്ടങ്ങളിൽ രൂപപ്പെടുകയും, മാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്ത അധികാരഘടന, സാമ്പത്തിക ബന്ധങ്ങൾ, വൈജ്ഞാനിക മേഖലകൾ മുതലായവയെ സംബന്ധിച്ച നിഗമനങ്ങൾ രൂപപ്പെടുത്താൻ സാമൂഹിക ശാസ്ത്രപഠനം സഹായിക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| വ്യക്തിവിവരണം തയ്യാറാക്കൽ, ഭാവനാലിഖിതം തയ്യാറാക്കൽ, കുറിപ്പും - ചോദ്യാവലി തയ്യാറാക്കൽ, ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം കച്ചവടത്തിലേക്ക് നയിച്ച സാഹചര്യം - ചർച്ച. | ജൂൺ - ആഗസ്റ്റ് |
| പ്രതിഫലം ലഭിക്കുന്നതും, അല്ലാത്തതുമായ തൊഴിലുകൾ പട്ടികപ്പെടുത്തുന്നു, വിദ്യാലയത്തിലെ കാർഷികപ്രവർത്തനങ്ങൾ - കുറിപ്പ് തയ്യാറാക്കൽ | സെപ്റ്റംബർ |
| വസ്ത്രത്തിന്റെ ഉപയോഗം പട്ടികപ്പെടുത്തൽ, വസ്ത്രനിർമ്മാണത്തിൽ വന്ന മാറ്റങ്ങൾ ഈ വിഷയത്തിൽ ക്ലാസ്തല പാനൽ ചർച്ച. കലാരൂപങ്ങളുടെ വസ്ത്രവൈവിധ്യത്തെക്കുറിച്ച് ചർച്ച. | ഒക്ടോബർ |
| സ്കെച്ച്, പ്ലാൻ എന്നിവ നിരീക്ഷിച്ച് രൂപങ്ങളിലുള്ള വ്യത്യാസം കണ്ടെത്തൽ, ക്ലാസ് മുറിയുടെ സ്കെച്ച് തയ്യാറാക്കൽ, ഗോളാകൃതിയിലുള്ള പ്രതലത്തിൽ ഒരു വസ്തുവിന്റെ സ്ഥാനം നിർണ്ണയിക്കൽ | നവംബർ - ഡിസംബർ |
| തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടൽ, മാതൃകാ ക്ലാസ്തല തിരഞ്ഞെടുപ്പ്, ജനാധിപത്യം ഒരു ജീവിതക്രമം ഈ വിഷയത്തിൽ സെമിനാർ. | ജനുവരി - ഫെബ്രുവരി |
| വാഹനങ്ങളുടെ ഉപയോഗങ്ങൾ ലിസ്റ്റ് ചെയ്യൽ, ചക്രങ്ങളുടെ കണ്ടുപിടുത്തം മനുഷ്യജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ ലിസ്റ്റ് ചെയ്യൽ, കരഗതാഗതം - റോഡ് ഗതാഗതം - ചർച്ച | മാർച്ച് |

അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ തലം U.P

അടിസ്ഥാനശാസ്ത്രം

ലക്ഷ്യങ്ങൾ

1. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക, പ്രകൃതി-പ്രതിഭാസങ്ങളുടെ വിശകലനം ചെയ്യുക, പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

2. പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറി-യുക. സ്വായത്തമാക്കിയ അറിവ് ജീവജാല-ങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.

3. വ്യക്തിശുചിത്വം, സാമൂഹികശുചിത്വം എന്നിവ പാലിച്ചുകൊണ്ട് ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യം കൈവരിക്കൽ.

4. ശാസ്ത്രപരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക. കുറിപ്പുകൾ തയ്യാറാക്കുക.

5. നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുക.

6. ഫീൽഡ്ട്രിപ്പ്, പ്രകൃതി നിരീക്ഷണം എന്നിവയിൽ പങ്കാളികളാവുകയും ജൈവവൈവിധ്യപാർക്ക്, പൂന്തോട്ടപരിപാലനം എന്നിവ നടത്തുക.

7. വിവിധ പ്രതിഭാസങ്ങളുടെ സമൂഹത്തിന് അനുഗുണമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

8. നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| 1. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ. |
| 2. നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നു. ശാസ്ത്രബോധ ലൃകൾ, ഉപകരണങ്ങൾ | ജൂലൈ. |
| 3. ഫീൽഡ്ട്രിപ്പ്, പ്രകൃതിനടത്തം നിരീക്ഷണം, പൂന്തോട്ടപരിപാലനം പ്രകൃതിസംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുക. | ആഗസ്റ്റ് |
| 4. തരംതിരിക്കൽ, വർഗ്ഗീകരിക്കൽ, നിഗമനത്തിലെത്തൽ - മാനദണ്ഡം കണ്ടെത്തൽ. | സെപ്തംബർ |
| 5. ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പരീക്ഷണ സാമഗ്രികൾ ഒരുക്കൽ. ശില്പശാല. | ഒക്ടോബർ |
| 6. ശരീരിക-മാനസികാരോഗ്യം കൈവരിക്കൽ, ആഹാരം ആരോഗ്യശീലങ്ങൾ പാലിക്കുക. ബോധവൽക്കരണക്ലാസുകൾ - ശുചിത്വ സർവ്വേ. | നവംബർ |

| | |
|---|---|
| 7. സെമിനാർ, പ്രബന്ധാവതരണം<br>വായു, ജലം, മണ്ണ് - മലിനീകരണം | നവംബർ. |
| 8. നിർമ്മാണ പ്രവർത്തനങ്ങളിൽ<br>പങ്കാളികളായ [സംഘടനകളും<br>വ്യക്തികളും] ശാസ്ത്രപ്രദർശനം | ജനുവരി. |
| 9. പ്രകൃതി സംരക്ഷണപ്രവർത്തനങ്ങൾ<br>ജൈവവൈവിധ്യ ഉദ്യാനം, പോസ്റ്റർ<br>രചന, ഫീൽഡ്ട്രിപ്പ് | ഫെബ്രുവരി. |
| 10. വിവരശേഖരണം, വിശകലനം<br>അപഗ്രഥനം, നിഗമനത്തിലെത്തി.<br>ച്ചേരൽ.<br>ശ്രവണം, ഭാഷണം<br>I.C.T. സാധ്യതകൾ. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾതലം Std: I - IV.

### മലയാളം

**ലക്ഷ്യം.**

1. ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക.
2. ആശയഗ്രഹണ വായന ഉറപ്പാക്കുക.
3. സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുക.
4. സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്ന.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| ചിത്രവായന, ചിത്രക്കാർഡുകൾ.<br>ചിത്രവും പാഠവും ഉൾക്കൊണ്ട് വായനയും ഭാഷണത്തിനുമുള്ള ക്ലാസ്തല അവസരങ്ങൾ | ജൂൺ |

| | |
|---|---|
| മേൽ പാഠത്തിൽ, കഥ ഉറപ്പിച്ച് പറയൽ, കഥ പൂർത്തിയാക്കൽ സംഭാഷണങ്ങൾ പൂർത്തിയാക്കൽ ഭാഷണത്തിനുള്ള പൊതുവേദികൾ ഒരുക്കൽ. ഭാഷണത്തിനും വായനയ്ക്കും കൂടുതൽ അവസരങ്ങൾ ക്ലാസ് ലൈബ്രറി പുസ്തക പരിചയം. | ജൂലൈ |
| കഥയെ സംഭാഷണമാക്കൽ, കഥാരംഗങ്ങളുടെ രംഗാവിഷ്കാരം. വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളുടെ ചിത്രീകരിക്കൽ | ഓഗസ്റ്റ്. |
| കഥാപൂരണം<br>വായിച്ച കഥകൾ ക്ലാസിൽ അവതരിപ്പിക്കൽ.<br>വായനക്കുറിപ്പ്, ക്ലാസ്തല-<br>അവസരങ്ങൾ | സെപ്റ്റംബർ. |

| | |
|---|---|
| വ്യത്യസ്ത വ്യവഹാര രൂപങ്ങളൊരുക്കുക. | |
| പാഠപുസ്തകത്തിലെ കഥകൾ ജീവചരിത്രങ്ങളെക്കുറിച്ച് തയ്യാറാക്കൽ | ഒക്ടോബർ |
| ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ പത്രവായന, വാർത്താവതരണം വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം. | നവംബർ. |
| ദിനാചരണങ്ങൾ ലേഖനപ്രവർത്തനങ്ങൾ. | |
| ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും (തളിര്, യുറീക്ക, കളിക്കുടുക്ക) കുറിപ്പ് തയ്യാറാക്കൽ. | ഡിസംബർ ജനുവരി. |
| വായനക്കുറിപ്പ്, ചുമർപത്രിക കൈയെഴുത്തു മാസിക നിർമ്മാണം വ്യക്തിഗതവായന, സംഘവായന | ഫെബ്രുവരി മാർച്ച് |

# Academic Master plan English 2025-2026 - L.P

## Aim

To speak, read, write and Listen English without any mistake.
To follow the instructions given by the teacher
responds in English during interaction

## Time

June - March

## Pretest

Activities based on Reading cards to indentify the difficulties in Reading, writing, speaking.

Activities

## June - July

picture Description
Discussion
slow learner: Gives opportunity to express their idea in simple words.

## August - September

speech
Riddles.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ശാസ്ത്രം L.P

## പരിസരപഠനം

### ലക്ഷ്യങ്ങൾ

1. നിരീക്ഷണത്തിലേർപ്പെടുക. നിരീക്ഷിച്ച കാര്യങ്ങളെ കുറിച്ച് സ്വന്തമായ ഭാഷയിൽ കുറിപ്പ് തയ്യാറാക്കൽ
2. വർഗ്ഗീകരിക്കൽ, താരതമ്യം ചെയ്യൽ
3. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ
4. നിഗമനം രൂപീകരിച്ച് അവതരിപ്പിക്കൽ
5. ശാസ്ത്ര ഉപകരണങ്ങൾ, മാതൃകകൾ നിർമ്മിക്കൽ
6. ശാസ്ത്ര പുസ്തകങ്ങൾ വായിക്കുക, ശേഖരിക്കുക.
7. വ്യക്തി ശുചിത്വം, പരിസര ശുചിത്വം
8. പരിസ്ഥിതി സൗഹൃദ മനോഭാവം.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| * പ്രകൃതിനടത്തം, ചുറ്റുപാടും നിരീക്ഷിക്കൽ<br>* ജീവികളുടെ പരസ്പരാശ്രയത്വം മനസ്സിലാക്കൽ | ജൂൺ - ഒക്ടോബർ |

| | |
|---|---|
| * പ്രകൃതിയ്ക്ക് ദോഷം വരുന്ന മാനുഷിക ഇടപെടലുകൾ കണ്ടെത്തൽ | ജൂൺ - മാർച്ച് |
| * പൂന്തോട്ടം ഒരുക്കൽ [സ്കൂൾ, വീട്] | ജൂൺ - ജൂലൈ |
| * പോസ്റ്റർ നിർമ്മാണം, പ്രകൃതി സംരക്ഷണം | |
| * പ്രാതഃകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ എത്താവൂ - ബോധവൽക്കരണം | ജൂൺ - മാർച്ച് |
| * ക്ലാസ്സിലെ ശുചിത്വ മത്സരങ്ങൾ വ്യക്തിശുചിത്വം, ക്ലാസ് ശുചിത്വം | ജൂൺ - മാർച്ച് |
| * പരിസര നടത്തം | |
| * നല്ല ശീലങ്ങൾ പതിപ്പ് | |
| * പരീക്ഷണങ്ങൾ - കുറിപ്പ് | |
| * പക്ഷിനിരീക്ഷണം - കുറിപ്പ് | |

# Academic Master Plan

| S.No | Programme | Activity | Duration | ഉപകരണം | പിന്തുണ |
|---|---|---|---|---|---|
| 1. | सर्वे छात्राणां अक्षराणां पदानां आख्यानां चयनम् । | * अक्षरलेखनम् ।<br>* चिन्हानां चयनम् ।<br>* अक्षराणां पदानां चार्ट निर्माणम् ।<br>* ICT द्वारा अक्षरमाला केलि ।<br>* वाक्यानां निर्माणम् । | June to August | अक्षरस्याई पाठपुस्तकम् | BRC<br>DIET<br>SCERT |
| 2. | गृहे एकं परिधाणशाला अस्ति । (अत्र अपत्या वाक्यानि पठति । ) | * गृहे अपत्यः वाक्यानि पठति ।<br>* ICT द्वारा वस्तूनां वाक्यानां परिशीलनम् ।<br>* CWSN छात्राणां संसर्गम् । | September to December | संस्कृतम् निघण्टु | PTA, BRC<br>Resourse Teacher |
| 3. | आख्यानां चयनम् रचना अवसरं विकसति | * संस्कृतदिनाचरणं आचरति ।<br>* चित्रकथा रचयति ।<br>* संस्कृत कलोत्सव ।<br>* कथा पूरणम् ।<br>* कथायाः वाचनामृता | January to March | पुस्तकानि | BRC<br>DIET<br>PTA<br>SCERT |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുബന്ധ പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | ഗുണഭോക്താക്കൾ | നിരീക്ഷണം |
|---|---|---|---|---|---|---|---|
| 1. | സ്കൂൾ ഒരു പാഠ-പുസ്തകം | *സെമിനാർ-വിഷയാവതരണ-ങ്ങളുടെ നിർമ്മാണം<br>*ഉദ്ഘാടനം എഴുതൽ<br>*കൈയെഴുത്ത്<br>*വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ മുതൽ ഓഗസ്റ്റ് | 1000/- സ്കൂൾ PTA | സംസ്കൃത അദ്ധ്യാപകൻ ക്ലബ്ബ് ലീഡർമാർ | 5-7 ക്ലാസിലെ കുട്ടികൾ | പ്രവർത്തനം പൂർത്തിയാക്കി വിലയിരുത്താൻ പോർട്ട് ലക്ഷ്യമാക്കുന്നു. |
| 2. | സംസ്കൃതം ടൈപ്പിങ് (IT ഉപയോഗം സംസ്കൃത പഠനത്തിന്) | *വെള്ളിയാഴ്ചകളിൽ ഒരു മണിക്കൂർ | സെപ്റ്റംബർ മുതൽ ഡിസംബർ | 500/- ഫോട്ടോ-കോപ്പി ചാർട്ട്. etc | സംസ്കൃത-അദ്ധ്യാപകർ IT ചാർജ്ജ് ടീച്ചർ | V, VI, VII ക്ലാസിലെ സംസ്കൃതം പഠിക്കുന്ന കുട്ടികൾ | സംസ്കൃതം ടൈപ്പിങ് അറിയുന്ന-വരുടെ സേവനം |
| 3. | വീട് ഒരു പരിശീലനശാല (വീട്ടിൽ ഉപയോഗിക്കുന്ന സംസ്കൃത വാക്കുകളുടെ പഠനം) | *സംസ്കൃതം വാക്കുകൾ വീടുകളിൽ നിന്നെടുക്കു-ന്നു. | ജനുവരി മുതൽ മാർച്ച് | ക്ലബ്ബ് ലീഡർമാർ 1000/- | ക്ലബ്ബ് ലീഡർമാർ | V, VI, VII ക്ലാസിലെ സംസ്കൃതം പഠിക്കുന്ന കുട്ടികൾ | ഉച്ചാരണ ശുദ്ധിയുടെ വ്യക്തമായ പരിചയം നേടൽ |

| SI NO | कार्यक्रम | गतिविधि | अवधि | शैक्षिक | सहयोग |
|---|---|---|---|---|---|
| 1 | सूची स्तर पर सभी बच्चों कलित अक्षरों शब्दों और अवधारणा ओं का समेकन। | पत्र लेखन चित्र पुष्टिकरण फ्लैश कार्ड शब्द लिखित कार्ड कक्षा में वर्णमाला प्रदर्शन<br>ऑनलाइन वर्णमाला के क्लिक करने पर लिखे शब्दों वाले कार्ड शब्द बनाना। | जून से अगस्त तक | वर्णमाला चार्ट पाठ्यपुस्तक। | BRC DIET SCERT |
| 2. | घर एक प्रयोगशाला हिन्दी में देखी सुनी और उपयोग की जाने वाली वस्तुओं के नाम सीखते है। | घरेलू उपकरणों में इस्तेमाल होने वाली वस्तुओं की हिन्दी में सूची बनाए<br>ICT की मदद से वस्तुओं और शब्दों का अभ्यास का अवसर<br>CWSN बच्चों की भागीदारी | सितंबर से दिसंबर तक | हिन्दी शब्द कोश | PTA, BRC Resourse Teacher |

| | | | | | |
|---|---|---|---|---|---|
| 3. | आपके पास बिना त्रुटि के विचारों को व्यक्त करने और लोगों की रचनात्मकता को विकसित करने का अवसर | हिंदी विधान सभा हिंदी की कक्षा पुस्तकालयों की सहायता से चित्र तैयार करें अतिरिक्त पठन सारांश पिक्चर कैप्शन पिक्चर स्टोरी राइटिंग पिक्चर स्टोरी टेलिंग कथा की लेखन हिंदी क्लब गतिविधियां | जनवरी से मार्च तक | पुस्तकें | BRC<br>DIET<br>PTA<br>SCERT |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## L.P ഗണിതം (സ്കൂൾതലം)

### ലക്ഷ്യങ്ങൾ

- ഗണിതപഠനം ലളിതവും രസകരവുമാക്കുക.
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാക്കുന്നതിന് കുട്ടിയെ സജ്ജരാക്കുന്നു.
- പ്രശ്നപരിഹാരം, പ്രായോഗിക പ്രശ്നപരിഹാരത്തിന് മുൻതൂക്കം.
- ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കുന്നു. വ്യത്യസ്തമായി ചിന്തിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
- വിനോദ പ്രവർത്തനങ്ങൾ മുൻതൂക്കം നൽകുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| സംഖ്യാബോധം ഉറപ്പിക്കൽ, ഗണിതമൂല നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, ത്രിമാനവസ്തുക്കൾ പട്ടികപ്പെടുത്തൽ, പ്രദർശനം. | ജൂൺ |
| മൂന്നക്ക നാലക്ക സംഖ്യകളുടെ വ്യവകലനം, സങ്കലനം പുനക്രമീകരണം, ഗണിതക്വിസ്സ് സംഘടിപ്പിക്കൽ | ജൂലൈ |
| മൂന്നക്ക നാലക്ക സംഖ്യാവ്യവകലനം, വിവകലന ക്രിയകളിൽ കൃത്യത വരുത്തു ചെയ്യുന്നു. | ആഗസ്റ്റ് |
| ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു. സമയത്തെ am pm ഉപയോഗിച്ച് പറയുന്നു, സമയദൈർഘ്യം കണക്കാക്കുന്നു, കലണ്ടർ പരിചയപ്പെടുന്നു. | സെപ്റ്റംബർ |
| കളിപ്പാട്ടങ്ങൾ ഉപയോഗിച്ചുള്ള ഗണിതക്കളികൾ, പഴങ്ങൾ വിഭജനം, സംഖ്യാരേഖ ചാർട്ട് ഉപയോഗിച്ച് സങ്കലന വ്യവകലന പ്രവർത്തനങ്ങൾ ഉറപ്പിക്കുന്നു. | ഒക്ടോബർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## യു. പി. ഗണിതം.

### ലക്ഷ്യങ്ങൾ.

- ഗണിതപഠനം ലളിതവും രസകരവുമാക്കുക.
- വിനോദപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ICT സാധ്യതകൾ ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക.
- രക്ഷിതാക്കളുടെ പിന്തുണ ഗണിതപഠനത്തിൽ ഉറപ്പുവരുത്തുക.
- ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുക.
- സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്ന ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു.
- പസിൽകളികൾ ഉറപ്പിക്കുന്നു.
- പ്രശ്നപരിഹാരം, പ്രായോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന.
- സങ്കലനം, വ്യവകലനം, ഗുണനം, ഹരണം.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുന്ന ഒന്ന് കുട്ടികൾ തിരിച്ചറിയുന്നു.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും, വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.
- പഠനം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

കൃത്യതയോടെയും, സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രയോഗം മനസ്സിലാക്കാനും പര്യാപ്തമാകുന്നു.

- ജ്യാമിതിയിൽ നിന്നും, സംഖ്യകളിൽനിന്നും പലതും നിർമ്മിക്കുന്നു.
- കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റുകൾ നിർമ്മിക്കാനും, ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഗണിതാശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നുചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യത ഉള്ളതിനാൽ രക്ഷിതാക്കൾ, കുട്ടികൾ, BRC ട്രെയിനർമാരുടെ സഹകരണത്തോടെ ഗണിതലാബ് വിപുലപ്പെടുത്തി പഠനം എളുപ്പമാക്കുന്നു.
- സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങളിലൂടെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കുന്നു.

| | |
|---|---|
| പഠനത്തിൽ ഗെയിം നിർമാണം. ഐ.ടി സാധ്യതകളിലൂടെ.<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്കോണങ്ങൾ, ടാൻഗ്രാം ഇവയെപ്പറ്റിയുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | Sept, october<br>മാസത്തിൽ ഒരുപ്രാവശ്യം. |
| ഗണിത ക്ലിനിക്ക്.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകർ, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. |
| ഗണിതോത്സവം | Feb-Mar |
| ഗണിത പതിപ്പ്, ഗണിതമാസിക ഇവ തയ്യാറാക്കൽ. | June - Oct<br>Nov - March. |
| ഗണിത ക്വിസ്. | മാസത്തിൽ ഒരുപ്രാവശ്യം |
| ദിനാചരണം.<br>ജൂൺമുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ നടപ്പിലാക്കുന്നു. | ആവശ്യാനുസരണം. |

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| **ഗണിത ശില്പശാല**<br>കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മുത്തുകൾ, മഞ്ചാടിക്കുരു, ചിത്രകാർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | June. |
| **ഒറിഗാമി ശില്പശാല.**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതാശയങ്ങൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയിലൂടെ ഗണിതാശയങ്ങൾ പഠിക്കപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം |
| **ഗണിതലാബ്.**<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽവെച്ച് ഗണിതക്വിസ് നടത്തൽ. | ആവശ്യാനുസരണം |
| **ഗണിതപാർക്ക്.**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരുപ്രാവശ്യം |
| **ഗണിതയോഗം.**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ട് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാകുന്ന രീതിയിൽ classകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ |